പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 349     27.09.2011 ൽ മറുപടിയ്ക്ക്

ചീമേനിയിൽ വൈദ്യുതി നിലയം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | എ. | കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 1200 MW പ്രകൃതിവാതകാധിഷ്ഠിത താപനിലയം Viability Gap Funding (VGF) മോഡലിൽ നടപ്പിൽ വരുത്താൻ 11.02.2011 ൽ സർക്കാർ ഉത്തരവിറക്കി. കെ.എസ്.ഐ.ഡി.സിയാണ് പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നോഡൽ ഏജൻസി കെ.എസ്.ഇ.ബിയും കെ.എസ്.ഐ.ഡി.സിയും തുല്യ പങ്കാളിത്തത്തോടെ ഒരു (SPV) Special Purpose Vehicle രൂപീകരിച്ചു. പദ്ധതിയ്ക്ക് ആവശ്യമായ ഇന്ധനലഭ്യത ഉറപ്പാക്കുക, പാരിസ്ഥിതിക ക്ലിയറൻസുകൾ ഉൾപ്പെടെയുള്ള പ്രാഥമിക ക്ലിയറൻസുകൾ നേടുക, പദ്ധതിയ്ക്ക് വേണ്ട ഡെവലപ്പറെ bidding വഴി കണ്ടെത്തുക മുതലായ കാര്യങ്ങൾക്ക് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി. ഇവിടെ വൈദ്യുതി ഉല്പാദനത്തിൽ ഏത് അസംസ്കൃത വസ്തുവാണ് ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | ബി. | പ്രകൃതി വാതകം |
| സി. വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് എത്ര ചെലവാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ ? | സി. | ഏകദേശം 6000 കോടി രൂപയാണ് പദ്ധതി ചെലവ് കണക്കാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ